<u>**പഠനതന്ത്രം തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ്**</u>

**ക്ലാസ്സ്** **: 2**

**വിഷയം** **: മലയാളം**

**തെരഞ്ഞെടുത്ത പഠനതന്ത്രം** : പാവനാടകം

**ഈ പഠനതന്ത്രത്തിലൂടെ കുട്ടിയിൽ വികസിക്കുന്ന പ്രക്രിയപരമായ ശേഷികൾ**

- → സംഭാഷണം തയ്യാറാക്കൽ
- → അവതരിപ്പിക്കൽ

**പരിഗണിച്ച പഠനനേട്ടവും അതിന്റെ ഗുണതാസൂചകങ്ങളും:**

- → സ്വാഭാവികമായ സന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണങ്ങളിലേർപ്പെടുകയും എഴുതുകയും ചെയ്യുന്നു.
  - അനുയോജ്യമായ ഭാഷാശൈലി
  - ആശയത്തുടർച്ചയോടെ സംഭാഷണം തയ്യാറാക്കിയിട്ടുണ്ട്
  - ഭാവമുൾക്കൊണ്ടു കൊണ്ട് സംഭാഷണം അവതരിപ്പിച്ചിട്ടുണ്ട്
  - ആശയവ്യക്തതയോടെ തയ്യാറാക്കിയിട്ടുണ്ട്

**കരുതേണ്ട സാമഗ്രികൾ**

- → വ്യത്യസ്ത പാവകൾ
- → റ്റി.വി. ഫ്രെയിം
- → കർട്ടൻ
- → സ്റ്റേജ് ക്രമീകരണം

**പ്രവർത്തനവും പ്രക്രിയാവിശദാംശങ്ങളും**

**1. പഠനമേറ്റെടുക്കൽ ഘട്ടം/പ്രശ്നാവതരണഘട്ടം (വെല്ലുവിളിയുയർത്തുന്ന പഠനപ്രശ്നമായി അവതരിപ്പിക്കൽ.. പ്രതികരണങ്ങൾ, പഠനരീതി നിശ്ചയിക്കൽ, കുട്ടികളുടെ പങ്കാളിത്തത്തോടെ കൃത്യതപ്പെടുത്തൽ)**

- → പ്രളയത്തിൽ സാവിത്രിക്കുട്ടിയുടെ വീട് നഷ്ടപ്പെട്ടു. വാടകവീട്ടിൽ കഴിയുന്ന സാവിത്രിക്കുട്ടിയുടെ സ്വപ്നം സ്വന്തമായി ഒരു വീട് വേണം എന്നതാണ്. സാവിത്രിക്കുട്ടിയും അച്ഛനും തമ്മിലുള്ള സംഭാഷണം പാവനാടരൂപത്തിൽ അവതരിപ്പിക്കുന്നു.

അച്ഛൻ : എന്താ മോൾക്ക് ഒരു സങ്കടം?

സാവിത്രിക്കുട്ടി : നമുക്കു മാത്രം ഒരു വീടില്ലല്ലോ അച്ഛാ?

അച്ഛൻ : എന്തു ചെയ്യാനാ പ്രളയത്തിൽ നമ്മുടെ വീട് നഷ്ടപ്പെട്ടു പോയില്ലേ?

സാവിത്രിക്കുട്ടി : ഒരു പുതിയ വീട് വെച്ചാലോ അച്ഛാ?

അച്ഛൻ : അതിന് ഒത്തിരി കാശ് വേണ്ടേ മോളേ, അത് അച്ഛന്റെ കൈയ്യിൽ ഇല്ലല്ലോ!

(സാവിത്രിക്കുട്ടി വിഷമത്തോടെ ഇരിക്കുന്നു)

സാവിത്രിക്കുട്ടി : വലിയ വീടൊന്നും വേണ്ടച്ഛാ നമുക്ക് ഒരു ചെറിയ വീട് മതി.

അച്ഛൻ : മോളു വിഷമിക്കണ്ട എങ്ങനെയെങ്കിലും നമുക്ക് ഒരു പുതിയ വീട് ഉണ്ടാക്കാം

സാവിത്രിക്കുട്ടി : നമ്മുടെ പഴയ വീട് പോലെ തന്നെ ഉണ്ടാക്കണം

അച്ഛൻ : ഉണ്ടാക്കാം മോളേ രണ്ടു മുറിയും അടുക്കളയും ഊണുമുറിയും കുളിമുറിയും ഉള്ള വീടുണ്ടാക്കാം.

സാവിത്രിക്കുട്ടി : എന്റെ പുന്നാര അച്ഛൻ എനിക്ക് സന്തോഷമായി (സാവിത്രിക്കുട്ടി സന്തോഷത്തോടെ തുള്ളിച്ചാടി)

4. **പഠനോല്പന്ന രൂപീകരണഘട്ടം**

സംഭാഷണം തയ്യാറാക്കുന്നു

→ പാവനാടകം ഐ.സി.റ്റി. സാധ്യത ഉപയോഗിച്ച് റെക്കോർഡ് ചെയ്യുന്നു.
→ തുടർന്ന് അത് വീഡിയോ ആക്കുന്നു

5. **പങ്കിടൽഘട്ടം**

→ ഗ്രൂപ്പിൽ പാവനാടകം നൽകുന്നു
→ ചർച്ച ചെയ്യുന്നു
→ മെച്ചപ്പെടുത്തലുകൾ വരുത്തുന്നു
→ ബാലസഭകളിൽ, പി.റ്റി.എ., സി.പി.റ്റി.എ., സ്കൂൾ അസംബ്ലികളിൽ അവതരിപ്പിക്കുന്നു.

6. **മെച്ചപ്പെടുത്തൽഘട്ടം**

ഗ്രൂപ്പ് ചർച്ച

7. **വ്യാപനഘട്ടം**

→ വീഡിയോ ഡോക്യുമെന്റേഷൻ
→ വാട്ട്സ്ആപ്പ്, ഫേസ്ബുക്ക്

8. **വിലയിരുത്തൽഘട്ടം**

→ സംഭാഷണം വിലയിരുത്തുന്നു
→ എല്ലാ കുട്ടികളുടെയും പങ്കാളിത്തം വിലയിരുത്തുന്നു
→ പാവനാടകമായി അവതരിപ്പിക്കുന്നു